**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – ഇ.എം.എസ്. ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ ഒടുക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(ആർ.റ്റി.) നം. 819/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 20.03.2012.

==========================================================================

പരാമർശം:– 1) സ.ഉ.(എം.എസ്) നം. 207/2009/ത.സ്വ.ഭ.വ. തീയതി: 07.11.2009.
2) സ.ഉ.(എം.എസ്.) നം. 40/2010/ത.സ്വ.ഭ.വ. തീയതി: 16.11.2009.
3) സ.ഉ.(എം.എസ്.) നം. 15/2009/ത.സ്വ.ഭ.വ. തീയതി: 31.01.2009.
4) സ.ഉ.(എം.എസ്.) നം. 306/2011/ത.സ്വ.ഭ.വ. തീയതി: 07.12.2011.
5) സ.ഉ.(ആർ.റ്റി) നം. 723/2011/ധന. തീയതി: 29.01.2011.

## ഉത്തരവ്

സംസ്ഥാനത്തെ ദരിദ്രരായ എല്ലാവർക്കും വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ഇ.എം.എസ്. ഭവന പദ്ധതി ആവിഷ്ക്കരിക്കുകയും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ തന്നെ വഹിക്കുന്നതാണെന്നു ഉത്തരവായിരുന്നു.

3) പരാമർശം നാലിലെ ഉത്തരവിൽ പലിശയുടെ ഡിമാന്റ് ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശ നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി വകക്കൊള്ളിച്ചിട്ടുള്ള തുക മാറി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിന് വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു.

4) കൂടാതെ പരാമർശം അഞ്ചിലെ ഉത്തരവനുസരിച്ച് ഗ്രാമവികസന കമ്മീഷണറെ "2216–80–800–89 (നോൺ പ്ലാൻ വോട്ടഡ്) – ഇ.എം.എസ്. ഭവന പദ്ധതി – സഹകരണ ബാങ്കുകളിൽ നിന്നും മറ്റു വാണിജ്യബാങ്കുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയിനത്തിലുള്ള സഹായം" എന്ന ബഡ്ജറ്റ് ശീർഷകത്തിന്റെ ചീഫ് കൺട്രോളിങ് ഓഫീസറും ഡ്രായിങ് ആന്റ് ഡിസ്പേഴ്സിങ് ഓഫീസറുമായി പ്രഖ്യാപിച്ചിരുന്നു.

**5) മേൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവുകളുടെ പശ്ചാത്തലത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ പലിശയുടെ ഡിമാന്റിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഗ്രാമ വികസന കമ്മിഷണർക്ക് നൽകേണ്ടതും അതനുസരിച്ച് ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും ടി തുക മാറി ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിന് അനുവാദവും ചുമതലയും ഗ്രാമവികസന കമ്മിഷണർക്ക് നൽകി ഉത്തരവാകുന്നു.**

6) പ്രസ്തുത ഇനത്തിൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ ഡിമാന്റുണ്ടെങ്കിൽ അതനുവദിച്ചു നൽകാൻ "2505–01–800–99 എൻ.ആർ.ഇ.ജി.പി. (പ്ലാൻ)" ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം റീഅപ്രോപ്രിയേറ്റ് ചെയ്തു വിനിയോഗിക്കാനാവശ്യമായ നടപടികൾ ഗ്രാമവികസന കമ്മിഷണർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (ഗ്രാമ വികസന കമ്മിഷണർ നൽകേണ്ടതാണ്)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ നൽകേണ്ടതാണ്)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണ്)
സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, സഹകരണസംഘം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാ കളക്ടർ)മാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ.ബി.എ. & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:–

ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്–ന്.
ബഹു: വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്–ന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ്.&ഇ)യുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ (ആർ.സി.) (ആർ.ഡി) സെക്ഷനുകൾക്ക്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.